MR. KANNARA GOPALA PANICKER : തോട്ടപ്പള്ളിയിൽ ഇനിയും തടിയിൽ പാലം പണിയിക്കണമെന്ന ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

HON'BLE MR. A. ATCHUTHAN : അതു ഗവണ്മെൻറിന്റെ ആലോചനയിലില്ല.

MR. EAPPEN ARACKAL (*Ambalapuzha I—Latin Catholic*) : തോട്ടപ്പള്ളിപ്പാലം ഈ നിലയിൽ കിടക്കുന്നതുകൊണ്ട് യാത്രക്കാക്ക് അവിടെ ഇറങ്ങേണ്ടതായി വരുന്നുവെന്നും, അങ്ങനെ അവക്ക് വളരെ അസൗകര്യങ്ങൾ ഉണ്ടാകുന്നുണ്ടെന്നും ഗവണ്മെൻറിനറിയാമോ?

HON'BLE MR. A. ATCHUTHAN : കുറച്ചു അസൗകര്യങ്ങൾ ഉണ്ടെന്നറിയാം.

MR. JOSEPH MALIACKEL (*Thodupuzha I—General*) : സർ, ഒരു പായിന്റെ അഫ് ആർഡർ. നിട്ടൺ അൻസേഴ്സിൽ ലോക്കൽ നീഡ്സിനെപ്പറ്റി ചോദ്യങ്ങൾ ചോദിക്കുന്നകാര്യം ഇപ്പോൾ അങ്ങു പറഞ്ഞു. In the House of Commons, there is provision for three varities of questions.

MR. PRESIDENT : അതിന് പായിന്റെ അഫ് ആർഡറിന്റെ ആവശ്യമില്ല. ലോക്കൽ മാറ്റേഴ്സിനെപ്പറ്റി സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കേണ്ട ആവശ്യമില്ലെന്നു പറഞ്ഞുവെന്നേയുള്ളൂ.

പത്തനാപുരത്തു് ഒരു ഡിസ്പെൻസറി സ്ഥാപിക്കേണ്ട ആവശ്യം.

325. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി ദയവു മറുപടി പറയുമോ?

(എ) പത്തനാപുരത്തു് ഒരു ഗവണ്മെൻറ് ഡിസ്പെൻസറി സ്ഥാപിച്ചു കിട്ടണമെന്നു് ഗവണ്മെൻറിലേക്ക് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ?

(ബി) അതിന്മേൽ ഗവണ്മെൻറ് എന്തു നടപടി നടത്തിയിട്ടുണ്ടെന്നു പ്രസ്താവിക്കുമോ?

(സി) പത്തനാപുരത്തുനിന്നും പത്തു മൈൽ അകലെ മാത്രമേറെ ഡിസ്പെൻസറികളും ഉള്ളുവെന്നും തൽമൂലം സ്ഥലവാസികൾക്കും ഇതരമായ വൈഷമ്യങ്ങൾ അനുഭവിക്കുന്നുണ്ടെന്നുമുള്ള കാര്യം ഗവണ്മെൻറ് ഗ്രഹിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. G RAMACHANDRAN : എ. ഉണ്ട്. പത്തനാപുരം താലൂക്കിൽ, തലവൂർ എന്ന സ്ഥലത്തു് ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനെപ്പറ്റി അപേക്ഷ ലഭിച്ചിട്ടുണ്ടു.

ബി. അന്വേഷണത്തിനുശേഷം അവിടെ ഒരു ഡിസ്പെൻസറിയുടെ ആവശ്യമില്ലെന്നു് ഗവണ്മെൻറു തീരുമാനിച്ചു

സി. പത്തനാപുരത്തുനിന്നും കൊട്ടാരക്കര ഡിസ്പെൻസറിയിലേക്കു് അഞ്ചുമൈലും പുനലൂർ ഡിസ്പെൻസറിയിലേക്കു് ഏഴു മൈലും മാത്രമേ ദൂരമുള്ളൂ.

Co-Partnership of labour with capital.

326. MR. P. T. CHACKO: Will the Hon'ble Minister for Industries be pleased to state:

(*a*) whether the Government have considered any scheme by which the principle of co-partnership of labour with capital could be actually brought into practice in the case of Government owned industries; and

(*b*) whether the Government are prepared to give opportunities to the workers to acquire some share in the control of the business of such industries?

HON'BLE MR. T. M. VARGHESE: (*a*) No.

(*b*) This is a question of major policy which will receive due consideration.

MR. P. T. CHACKO: പാശ്ചാത്യ രാജ്യങ്ങളിൽ ഇൻഡസ്ട്രിയൽ കൺസേൺസു തത്വമനുസരിച്ചു് അങ്ങനെ നടത്തുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

HON'BLE MR T. M. VARGHESE : ഇല്ല.

MR. PRESIDENT: ഇതു സംബന്ധിച്ചു് ഒരു ബിൽ കൊണ്ടുവരുവാൻ ആലോചിക്കുന്നതുകൊണ്ടു് കൂടുതൽ ഉപചോദ്യങ്ങളുടെ ആവശ്യമില്ല.

Admission in the University College.

327. MR. P. S. MOHAMMED (*Moovattupuzha I—Muslim*): Will the Honourable Minister for Education be pleased to state the following:

(*a*) the number of students admitted in the University College;

(*b*) the number of Muslims among them: and

(*c*) the number of Muslim students who applied for admission.

HON'BLE MR. T. M. VARGHESE യൂണിവേഴ്സിറ്റികാളേജിൽ പ്രവേശനം നൽകിയിട്ടുള്ള സ്റ്റുഡൻസിന്റെ എണ്ണം ൧൭൭, അതിൽ മുസ്ലീങ്ങൾ ൧൨, പ്രവേശനത്തിനു അപേക്ഷിച്ചിട്ടുള്ള മുസ്ലീം വിദ്യാർത്ഥികളുടെ എണ്ണം ൧൯.

LIBRARY ARCHIVES Kerala Legislative Assembly